## 2014 സെപ്തംബർ 28, ഏലിയാ സ്ലീവ മൂശ നാലാം ഞായർ
## ( മത്താ. 15: 21-28)

### വചന സന്ദേശം: റവ.ഫാ. ജോഫി തോട്ടങ്കര

ഓട്ടോറിക്ഷാഡ്രൈവറാണ് അവറാച്ചൻ ചേട്ടൻ. അവറാച്ചൻ ചേട്ടന്റെ ഭാര്യ മോളി ചേച്ചി തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി തൊഴിലിനും പോകുന്നുണ്ട്. 3 മക്കളാണ് അവർക്കുള്ളത്. തികഞ്ഞ ദൈവഭക്തിയുള്ള കുടുംബം. എല്ലാദിവസവും പള്ളിയിൽ കയറി പ്രാർത്ഥിച്ചല്ലാതെ തൊഴിലിന് അവറാച്ചൻ ചേട്ടൻ പോകില്ല. സായാഹ്നത്തിൽ 7 മണി കഴിഞ്ഞാൽ ഓട്ടോയിൽ കയറുന്നത് ക്രിസ്താനികളാണെങ്കിൽ നമ്മുക്കൊരു കൊന്ത ചൊല്ലിയാല്ലോ എന്നുപോലും ചോദിക്കുന്ന ഒരു അത്ഭുത മനുഷ്യൻ. ഇത്രയേറെ ദൈവത്തെ സ്നേഹിച്ച മനുഷ്യൻ. പക്ഷേ തിരിച്ച് ദൈവമോ... എട്ടാം ക്ലാസ്സിൽ പഠിക്കുന്ന മൂത്തമകൻ ബ്രെയിൻ ട്യൂമർ പിടിച്ച് മരിച്ചു. 4 വയസ്സുള്ള ഇളയ മകന് ഹാർട്ടിന്റെ തകരാറ്. ഭാര്യ മോളിക്ക് രണ്ട് കാലുകൾക്കും വാതത്തിന്റെ അസുഖം. ഒരു മനുഷ്യന് ദൈവത്തെ തള്ളി പറയാൻ വേറെ എന്തു വേണം... ഈ കുടുംബം ഈ തകർച്ചയിൽ നിന്ന് എങ്ങനെ കരകയറും? ഉത്തരമില്ലാത്ത ചോദ്യങ്ങൾ . ഇത്തരം പ്രതിസന്ധികൾ എല്ലാവർക്കും ജീവിതത്തിലുണ്ട്. ഉത്തരമില്ലാത്ത ചോദ്യങ്ങൾക്കുമുമ്പും വിശ്വാസത്തിൽ അടിയുറച്ച നിലപാടാണ് അത്ഭുതപ്പെടുത്തുന്നത്. ദൈവം എന്റെ പക്ഷത്തല്ല എന്നു തോന്നുന്ന ജീവിതസാഹചര്യങ്ങൾ നിരവധിയാണ്. സാഹചര്യങ്ങളുടെ നടുവിലും ദൈവത്തോടുതന്നെ ചേർന്ന് നില്ക്കാനുള്ള ആത്മബലത്തിനായി പ്രാർത്ഥിക്കുക.

കാനാൻകാരിസ്ത്രീ സുവിശേഷത്താളുകളിലെ അത്ഭുതകഥാപാത്രം തന്നെ. ആ സ്ത്രീയോടുള്ള യേശുവിന്റെ രണ്ടു പ്രതികരണങ്ങൾ ശ്രദ്ധയമാണ്. ഒന്ന്, ഇസ്രായേൽ ഭവനത്തിലെ നഷ്ട്ടപ്പെട്ട ആടുകളുടെ അടുത്തേക്ക് മാത്രമാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്. രണ്ട്, മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞു കൊടുക്കുന്നത് ഉചിതമല്ല. ഈ ദൈവപുത്രൻ തന്റെ പക്ഷത്തുള്ളവനല്ല എന്നു തോന്നിപ്പോകാൻ ഇതിനപ്പുറം ഒന്നും വേണ്ട. എന്നിട്ടും ഭൂമിയോളം താഴുന്ന വിനയത്തോടെ, യജമാനന്റെ മേശയ്ക്കു കീഴെ നിൽക്കുന്ന നായയെപോലെ അവൾ നിൽക്കുകയാണ്. ക്രിസ്തുവിനെ പ്പോലും അത്ഭുതപ്പെടുത്തികൊണ്ട്.

യഹൂദരോട് സംസാരിക്കുന്ന മത്തായി സുവിശേഷകൻ, വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുന്ന വിജാതിയർക്കും 'സ്വർഗ്ഗരാജ്യം' സംലഭ്യമാണെന്ന് രേഖപ്പെടുത്തുകയാണ് ഈ വചനഭാഗത്തിലൂടെ. സത്യത്തിൽ ഈ വചനം ദൈവം യഹൂദന്റെ പക്ഷത്തു മാത്രം നിൽക്കുന്നവനല്ല, വിജാതിയനെ കൂടെ ചേർത്തുനിറുത്തുന്നവനാണെന്നു തെളിയിച്ചുകൊണ്ടാണ് പര്യവസാനിക്കുക. ഇന്നത്തെ വചനം ആരംഭിക്കുന്നതു തന്നെ അവൻ ടയിർ, സിദോൻ പ്രദേശങ്ങളിലെത്തി എന്നു പറഞ്ഞു കൊണ്ടാണ്. അവന്റെ പദചലനങ്ങൾ യാദൃശ്ചികമല്ല. യഹൂദരുടെ പക്ഷം ചേർന്ന് വഴിമാറി നടക്കുന്നവനല്ല ക്രിസ്തുവെന്നത് സുവിശേഷത്തിന്റെ കാതലായ ആശയമാണ്. യേശു വിന്റെ പ്രശംസപിടിച്ചു പറ്റിയ വിജാതിയ സ്ഥലങ്ങളാണ് ടയിറും, സിദോനും. കൊറാസിനെയും ബെദ്സയ്ദായെയും അവൻ പ്രശംസിക്കുന്നുണ്ട്. ക്ഷാമത്തിന്റെ കാലത്ത് ഏലിയാ അയക്കപ്പെട്ടത് സിദോനിലെ സറെപ്തായിലെ വിധവയുടെ അടുത്തേക്കാണെന്നും പറഞ്ഞുകൊണ്ട് സിദോനെ അംഗീകരിക്കുന്നുണ്ട്. ഇതെല്ലാം തെളിയിക്കുന്നത് ദൈവം യഹൂദന്റെ കുത്തകയല്ലെന്നും സ്വർഗ്ഗരാജ്യം യഹൂദന്റെ മാത്രം തറവാടല്ലെന്നും തന്നെയാണ്.

വിജാതിയരുടെ വിശ്വാസത്തിന്റെ ശ്രേഷ്ഠതയാണ്. ഇവിടെ അഹങ്കരിച്ചവർക്ക് പാരമ്പര്യങ്ങളുടെ പേരു പറഞ്ഞ് ദൈവാരാധനയെ വെറും കർമ്മാനുഷ്ഠാനങ്ങളുടെ പരിധിയിൽ നിറുത്തുമ്പോൾ, ക്രിസ്തുവിന്റെ പ്രവൃത്തി കളിൽ ദൈവസാന്നിദ്ധ്യം തിരിച്ചറിഞ്ഞ് വിശ്വാസത്തിലേക്ക് കടന്നുവന്ന വിജാതിയർ ഏറെയാണ്. കാനാൻകാരി അവരിൽ പ്രധാനിയാണ്.

എന്റെ ചോദ്യങ്ങൾക്കൊക്കെയും ഞാൻ പ്രതീക്ഷിക്കുന്ന ഉത്തരം നൽകുന്ന ദൈവത്തിൽ വിശ്വസിക്കാൻ എളുപ്പമാണ്. എന്റെ പ്രാർത്ഥനാ നിയോഗങ്ങളൊക്കെ യാതൊരുവിധ കാലതാമസ വുമില്ലാതെ നടപ്പിലാക്കി തരുന്ന ദൈവത്തിൽ വിശ്വസിക്കാൻ എളുപ്പമാണ്. എന്നാൽ പരീക്ഷിക്കുന്ന ദൈവത്തെ നിനക്കിഷ്ടമാണോ സഹനങ്ങളിലൂടെ വഴിനടത്തുന്ന തമ്പുരാനെ നിനക്കിഷ്ടമാണോ അനുഗ്രഹങ്ങൾ എന്നാൽ സമ്പൽസമൃദ്ധി എന്നു മാത്രമാണോ അർത്ഥം. യഥാർത്ഥത്തിൽ ദൈവാ നുഗ്രഹം എന്നത് അതിജീവിക്കാനുള്ള ബലം പകരലല്ലേ. പഴയനിയമത്തിൽ ഇസ്രായേൽ ജനം പുറ പ്പാടു സംഭവത്തിൽ നാല്പതു സംവത്സരം മരുഭൂമിയിൽ അലയുന്നുണ്ട്. ദൈവം അവരെ അനുഗ്ര ഹിക്കുന്നുണ്ട്. ദൈവം അവരെ അനുഗ്രഹിക്കുന്നത് മരുഭൂമി അനുഭവം ഇല്ലാതാക്കികൊണ്ടല്ല മറിച്ച് മരുഭൂമിയിൽ പകൽ മേഘത്തൂണായും, രാത്രിയിൽ അഗ്നിസ്തംഭമായും മാറികൊണ്ടാണ്. അതിജീ വിക്കാൻ കരുത്തു പകരുന്ന ദൈവം. സിംഹക്കുഴിയിലെ ദാനിയേലും, അഗ്നി ചുഴിയിലെ യുവാ ക്കളും ഇത്തരം അതിജീവനത്തിന്റെ അനുഗ്രഹം ലഭിച്ചവരാണ്. പരീക്ഷണങ്ങൾ സത്യങ്ങളാണ്. അതിജീവിതം ദൈവദാനമാണ്. കാനാൻകാരി ക്രിസ്തുവിന്റെ ചോദ്യങ്ങളെ അതിജീവിച്ചപോലെ നമുക്കും പരീക്ഷണങ്ങളെ അതിജീവിക്കാനാകട്ടെ.